LIBRARY ARCHIVES Kerala Legislative Assembly

തീരദേശങ്ങളിലെ കരിമണൽ ഖനനം

*16 [105] ശ്രീ. ടി. കെ. ദേവകുമാർ:

,, പി. സി. ജോർജ്ജ്:

,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ കരിമണൽ ഖനനം നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സുനാമിയുടെ പശ്ചാത്തലത്തിൽ കരിമണൽ ഖനനം ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വ്യവസായ വകുപ്പ് പരിഗണിച്ചിട്ടുണ്ടോ;

(സി) തീരപ്രദേശങ്ങളിൽ നിന്നും കരിമണൽ ഖനനം ചെയ്യാനുള്ള ഏതെല്ലാം പദ്ധതി നിർദ്ദേശങ്ങളാണ് ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ) ഇല്ല.

(ബി) പാരിസ്ഥിതിക പഠനത്തിന് നിയോഗിക്കാൻ ഉദ്ദേശിക്കുന്ന വിദഗ്ദ്ധ സമിതിയുടെ ടേംസ് ഓഫ് റഫറൻസിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തുന്നതാണ്.

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ., സംസ്ഥാന പൊതുമേഖലാ കമ്പനിയായ കെ.എം.എം.എൽ. എന്നിവ ഇപ്പോൾ കരിമണൽ ഖനനം ചെയ്തുകൊണ്ടിരിക്കുന്നു. കൂടാതെ ആലുവായിലുള്ള കേരള റെയർ എർത്സ് ആന്റ് മിനറൽസ് എന്ന സംയുക്ത സംരംഭത്തിന് 2004-ൽ ഖനനാനുമതിയ്ക്കുള്ള എതിർപ്പില്ലാ രേഖ നൽകിയിട്ടുണ്ടെങ്കിലും 25-9-2004-ലെ സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടികൾ നിർത്തി വെച്ചിരിക്കുകയാണ്.

ട്രെയിനുകൾ സമയനിഷ്ഠ പാലിക്കുന്നതിനു വേണ്ട നടപടി

*17 [106] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഓടുന്ന തീവണ്ടികൾ പലതും സമയനിഷ്ഠ പാലിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;